**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4301** **09-08-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ കുടുംബക്ഷേമ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ ആശ്രിതർക്ക് ദേശീയകുടുംബക്ഷേമ പദ്ധതി പ്രകാരം എത്ര രൂപയാണ് നൽകുന്നത്; | (എ) | ഇരുപതിനായിരം രൂപ |
| (ബി) | ഇതിനായി അപേക്ഷ സമർപ്പിക്കേണ്ട വിധം, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | മുഖ്യ വരുമാനക്കാരൻ മരണപ്പെട്ട തീയതിക്ക് ശേഷം രണ്ട് മാസത്തിനുള്ളിൽ, നിർദ്ദിഷ്ട ഫോറത്തിൽ ബന്ധപ്പെട്ട തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കണം. നിർദ്ദിഷ്ട സമയപരിധിയായ രണ്ട് മാസത്തിനു ശേഷവും, മരണതീയതിയ്ക്ക് ശേഷം ഒരു വർഷത്തിനും ഇടയിലുള്ള കാലയളവിൽ സമർപ്പിക്കുന്ന അപേക്ഷകൾ, കാലതാമസം സംബന്ധിച്ച് സമർപ്പിക്കുന്ന മാപ്പപേക്ഷയുടെ നിജസ്ഥിതി ജില്ലാ കളക്ടർ പരിശോധിച്ച് പരിഗണിക്കുന്നതിന് ഉത്തരവ് നൽകുന്നതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ. 1. കുടുംബം ബി.പി.എൽ ആണെന്ന് തെളിയിക്കുന്ന രേഖ. 2. മരണ സർട്ടിഫിക്കറ്റ്( സാക്ഷ്യപ്പെടുത്തിയ പകർപ്പ്) 3. പരേതന്റെ തിരിച്ചറിയൽ രേഖ 4. പരേതന്റെ വയസ്സ് തെളിയിക്കുന്ന രേഖ (പ്രായം 18 നും 59 നും ഇടയിൽ) 5. അപേക്ഷകന്റെ തിരിച്ചറിയൽ രേഖ 6. അപേക്ഷകനും കുടുംബവും കഴിഞ്ഞ മൂന്ന് വർഷമായി ജില്ലയിൽ സ്ഥിര താമസക്കാരാണ് എന്ന് തെളിയിക്കുന്ന രേഖ 7. റേഷൻ കാർഡിന്റെ പകർപ്പ് 8. ആധാർ കാർഡിന്റെ പകർപ്പ് 9. അപേക്ഷകന്റെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് അപേക്ഷയും രേഖകളും, രണ്ട് സെറ്റ് വീതം സമർപ്പിക്കണം. |
| (സി) | കൊയിലാണ്ടി താലൂക്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ഈ സഹായത്തിനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | 352 അപേക്ഷകൾ ലഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാൽ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം സഹായം നൽകുന്നത് കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ചാണോ ; ഫണ്ടിന്റെ ലഭ്യതക്കുറവ്, ധനസഹായം കുടിശ്ശികയാകുന്നതിന് കാരണമാകുന്നുണ്ടോ ; വ്യക്തമാക്കാമോ ? | (ഡി) | അതെ. 2016 വർഷം മുതൽ പാസ്സാക്കിയ അപേക്ഷകളിൽ ഫണ്ട് ലഭ്യമാകാത്തതിനാൽ ധനസഹായം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ